88/1-എ2	-	1.45 ഏക്കർ
88/1-എ3	-	59.36 ഏക്കർ
88/1-എ4	-	6.03 ഏക്കർ
88/1-ബി	-	21.00 ഏക്കർ
88/1-സി	-	2.00 ഏക്കർ
88/2	-	0.26 ഏക്കർ
ആകെ	-	391.07 ഏക്കർ

അതിൽ താഴെ ചേർത്തത് നിക്ഷിപ്ത വനഭൂമി നോട്ടിഫിക്കേഷൻ ഉള്ളതായി കാണുന്നു

88/1-എ1 പാർട്ട്	-	70.25 ഹെക്ടർ
88/1-എ2 പാർട്ട്	-	0.14 ഹെക്ടർ
88/1-എ3 പാർട്ട്	-	3.20 ഹെക്ടർ
88/1- ബി പാർട്ട്	-	4.91 ഹെക്ടർ
88/1- സി പാർട്ട്	-	0.61 ഹെക്ടർ

(ബി) അയച്ചിരുന്നു.

(സി) പ്രസ്തുത റിപ്പോർട്ടിൽ മരം മുറിച്ച് മാറ്റിയത് പേരിയ വില്ലേജിലെ സർവ്വേ നമ്പർ 88/1 എ -ൽ നിന്നാണെന്നും അത് നിക്ഷിപ്ത വനഭൂമിയോ 1986 ലെ കെ.പി.റ്റി. ആക്ട് സെക്ഷൻ-5 അനുസരിച്ചുള്ള ഭൂമിയോ അല്ലായെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ സർവ്വേ നമ്പരിൽ എന്തോ തിരിമറി നടന്നതായി കളക്ടർ സംശയം ഉന്നയിച്ചിരുന്നു. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ കഴിയൂ എന്നും അദ്ദേഹം റിപ്പോർട്ട് ചെയ്തു.

(ഡി) റിപ്പോർട്ടിൽ ഒരു അന്വേഷണം ആവശ്യപ്പെട്ടിട്ടില്ല.

72 (596) പെരിയ വില്ലേജിലെ അനധികൃത മരംമുറി

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.റ്റി അഹമ്മദാലി :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പെരിയ വില്ലേജിലെ അനധികൃത മരംമുറിക്കാർക്ക് സഹായകരമായ നിലപാട് ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥൻ ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട ഏതെല്ലാം ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 1. ശ്രീ. എൻ. മോഹൻദാസ്, ജില്ലാ കളക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

2. എം.എൻ. കുഞ്ഞുകൃഷ്ണൻ, ജൂനിയർ സുപ്രണ്ട്, താലൂക്ക് ഓഫീസ്, മാനന്തവാടി.

3. ശ്രീ. എ.കെ. മുഹമ്മദ്കോയ, ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, മാനന്തവാടി.

4. ശ്രീ. കെ.വി. സത്യൻ, യു.ഡി. ക്ളാർക്ക്, താലൂക്ക് ഓഫീസ്. മാനന്തവാടി.

എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ട്.

73 (597) പേരിയ വില്ലേജിലെ അനധികൃത മരംമുറിക്കൽ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ പേരിയവില്ലേജിലെ സർവ്വേ നമ്പർ 88/1-3 ൽ നിന്ന് അനധികൃതമായി മരം മുറിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു വിലയ്ക്കുള്ള മരങ്ങളാണ് മുറിച്ചത്;

(സി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഏകദേശം 1.20 കോടി വിലയുള്ള 431 മരങ്ങൾ

(സി) ഈ വിഷയത്തെ കുറിച്ച് അറിവ് ലഭിച്ച ഉടൻതന്നെ അന്വേഷണം നടത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. അതിനുശേഷം റവന്യൂ സെക്രട്ടറിയെ വിശദമായ അന്വേഷണത്തിന് ചുമതലപ്പെടുത്തി റവന്യൂ സെക്രട്ടറിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കളക്ടറെ സ്ഥലം മാറ്റുകയും മറ്റ് ആറ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. റവന്യൂ സെക്രട്ടറിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

74 (598) ടാറ്റാ കമ്പനി കൈവശം വച്ചിരിക്കുന്ന വനഭൂമി

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറ്റാ ടീ കമ്പനി മൂന്നാറിൽ 50,000 ഏക്കറോളം വനഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായ കൈവശഭൂമി ഇതിനകം അളന്നുതിട്ടപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly